(എഫ്) പ്രസ്തുത സൗജന്യ റേഷൻ നൽകിയ റേഷൻ വ്യാപാരികൾക്ക് അരിവില നൽകാൻ ബാക്കിയുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എത്ര രൂപ നൽകാനുണ്ട് ?

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കം, കടലാക്രമണം, ഉരുൾപൊട്ടൽ മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലം ദുരിതമനുഭവിച്ചവർക്ക് ഇതുവരെയായി രണ്ടു ആഴ്ചത്തെ സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആദ്യത്തെ രണ്ടാഴ്ചത്തെ സൗജന്യറേഷൻ വിതരണം ചെയ്യാനുള്ള സർക്കാർ ഉത്തരവുകൾ 11-7-1986-ലും രണ്ടാമത്തെ രണ്ടാഴ്ചയ്ക്കുള്ളതു 12-8-1986-ലും മൂന്നാമത്തെ ഒരു ആഴ്ചയ്ക്കുള്ളതു 5-9-1986-ലും ആണ് നൽകിയതു.

(സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്, ജി) സൗജന്യ റേഷൻ നൽകിയ വകയിൽ കൊടുക്കാനുള്ള തുക സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് മുഴുവൻ തുകയും അലോട്ടു ചെയ്തു കഴിഞ്ഞു.

സാമൂഹ്യവനവൽക്കരണ പദ്ധതി

* 163. [167] ശ്രീ. എസ്. ആർ. ശങ്കരാജ് :

,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് എത്തെല്ലാം കേന്ദ്രങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് ;

(ബി) ഈ സാമ്പത്തികവർഷത്തിൽ എത്ര തൈ വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നും അതിലെത്ര എണ്ണം വിതരണം ചെയ്തെന്നും വ്യക്തമാക്കാമോ ;

(സി) സോഷ്യൽ ഫോറസ്ട്രിക്ക് 1986-87 സാമ്പത്തികവർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ള തുക എത്ര ;

(ഡി) ഇതുവരെ എത്ര തുക ചെലവഴിച്ചു ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സ്വകാര്യവ്യക്തികൾക്കു വിതരണം ചെയ്ത വൃക്ഷത്തൈകൾ അവരുടെ ഭൂമികളിൽ വച്ചുപിടിപ്പിച്ചതിനു പുറമേ സംസ്ഥാനത്തുള്ള ക്ഷയിച്ചുപോയ നിർമ്മിത വനങ്ങൾ, റെയിൽവേ പുറമ്പോക്ക്, നാഷണൽ ഹൈവേയുടെ ഇരുവശത്തുമുള്ള സർക്കാർ പുറമ്പോക്കു ഭൂമി, തീരപ്രദേശ കനാലിന് ഇരുവശവുമുള്ള ഭൂമി മുതലായ സർക്കാർ വക ഭൂമിയിലാണ് സർക്കാർ നേരിട്ട് വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചിട്ടുള്ളതു.

(ബി) 900 ലക്ഷം തൈകൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു. 30-9-1986 വരെ 1137.786 ലക്ഷം തൈകൾ വിതരണം ചെയ്യുവാൻ സാധിച്ചു.

(സി) സോഷ്യൽ ഫോറസ്ട്രിയിൽ വരുന്ന വിവിധ പദ്ധതികൾക്കായി ആകെ 1512.53 ലക്ഷം രൂപ 1986-87 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സാമൂഹ്യ വനവൽക്കരണത്തിൻകീഴിൽ വരുന്ന എല്ലാ പദ്ധതികളിലും കൂടി ആകെ ഈ വർഷം 30-9-1986 വരെ 632.092 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly